
ആറു വർഷത്തിനിടയിലെ ഏറ്റവും ദൈർഘ്യമേറിയ പ്രതിവാര നഷ്ടം



ഓഹരി റിവ്യൂ

കെ.ബി. ഉദയഭാനു

ഓഹരി സൂചികകളുടെ തിരിച്ചുവരവിന് അവസരം നൽകാത്തവിധം ശക്തമായ വിൽപ്പനയുമായി വിദേശ ധനകാര്യ സ്ഥാപനങ്ങൾ രംഗം കൊഴുപ്പിച്ചു. മുൻനിര സൂചികകൾക്ക് തുടർച്ചയായ ഏഴാം വാരത്തിലും തിരിച്ചടി നേരിട്ടത് ചെറുകിട നിക്ഷേപകരിൽ ഞെട്ടലുണ്ടാക്കുന്നുവെങ്കിലും ആഭ്യന്തര മ്യൂചൽ ഫണ്ടുകൾ ശക്തമായ വാങ്ങലുകാരാണ്. ആറു വർഷത്തിനിടയിലെ ഏറ്റവും ദൈർഘ്യമേറിയ പ്രതിവാര നഷ്ടത്തിലാണ് ഇന്ത്യൻ മാർക്കറ്റ്. ഗാന്ധിജയന്തി പ്രമാണിച്ച് വെള്ളിയാഴ്ച വിപണി അവധിയാണ്. പിന്നിട്ട വാരം ബോംബെ സൂചിക 400 പോയിന്റും നിഫ്റ്റി 206 പോയിന്റും താഴ്ന്നു.

മുൻനിര ഓഹരികളായ ഇൻഫോസിസ്, ടി.സി.എസ്, ഐ.സി.ഐ.സി.ഐ. ബാങ്ക്, എസ്.ബി.ഐ, ആക്സിസ് ബാങ്ക്, ആർ.ഐ.എൽ, എയർടെൽ, മാരുതി, എം ആൻഡ് എം എന്നിവ തിരിച്ചടി നേരിട്ടു. വാങ്ങൽ താൽപര്യത്തിൽ ടെക് മഹീന്ദ്ര, എച്ച്.സി.എൽ ടെക്, എച്ച്.ഡി.എഫ്.സി ബാങ്ക്, ടാറ്റ സ്റ്റീൽ, ഐ.ടി.സി, സൺ ഫാർമ എന്നിവയുടെ ഓഹരികൾ മികവ് കാണിച്ചു.

മുൻ വാരത്തിലെ 74,294 പോയിന്റിൽ നിന്ന് നേട്ടത്തോടെയാണ് ബോംബെ ഓഹരിവിപണി കഴിഞ്ഞവാരം വ്യാപാരം ആരംഭിച്ചത്. തുടക്കത്തിലെ മുന്നേറ്റത്തിൽ സെൻസെക്സ് 75,000 പോയിന്റ് മറികടന്ന് 75,038 വരെ ഉയർന്നെങ്കിലും 75,159 ലെ ആദ്യ പ്രതിരോധം ഭേദിക്കാൻ സൂചികയ്ക്കു സാധിച്ചില്ല. ഇതിനിടയിൽ വിദേശ നിക്ഷേപകർ മുൻനിര ഓഹരികളിൽ വിൽപ്പന ശക്തമാക്കിയതോടെ വിപണിയിൽ ചാഞ്ചാട്ടം രൂക്ഷമായി. ഒരവസരത്തിൽ സൂചിക 73,477 വരെ ഇടിഞ്ഞെങ്കിലും 73,895 പോയിന്റിലാണു ക്ലോസ് ചെയ്തത്.

തുടർച്ചയായ ആറാഴ്ചത്തെ തിരുത്തലിനെത്തുടർന്ന് ബ്ലൂചിപ്പ് ഓഹരികളുടെ വില ആകർഷകമായ നിലവാരത്തിലെത്തിയത് വാങ്ങൽ താൽപര്യം വർധിപ്പിച്ചു. വാരാവസാനം ആഭ്യന്തര ഫണ്ടുകളും മറ്റ് നിക്ഷേപകരും വാങ്ങലിൽ കൂടുതൽ സജീവമായതോടെ സൂചികയിൽ വീണ്ടെടുപ്പിന്റെ സൂചനകൾ പ്രകടമായി. ഈ വാരം 73, 23572, 575 മേഖലയിൽ പ്രധാനപ്പെട്ട താങ്ങ് പ്രതീക്ഷിക്കാം. മുന്നേറിയാൽ 74, 79675, 697 മേഖലയിൽ പ്രതിരോധത്തിനു സാധ്യത.



ഓഗസ്റ്റിൽ 24,650 പോയിന്റിനു മുകളിൽ സഞ്ചരിച്ച നിഫ്റ്റിക്ക് പിന്നീടൊരിക്കലും തിരിച്ചുവരവിന് അവസരം നൽകാത്ത വിധം വിൽപ്പന സമ്മർദമാണ് അനുഭവപ്പെട്ടത്. വിദേശഫണ്ടുകളുടെ തുടർച്ചയായ വിൽപ്പനയിൽ സൂചികയ്ക്ക് കരുത്തു നഷ്ടപ്പെട്ടു. നിലവിൽ 200 ആഴ്ചയിലെ പ്രധാന താങ്ങായ 23,000 പോയിന്റ് മേഖലയിലാണ് നിഫ്റ്റി നിലയുറപ്പിക്കാനുള്ള ശ്രമം നടത്തുന്നത്. കഴിഞ്ഞ മൂന്നാഴ്ചകളായി ചുണ്ടിക്കാട്ടിയിരുന്ന 23,122–23,116 പോയിന്റിലെ സപ്പോർട്ട് വാരാവസാനം വരെ സൂചിക നിലനിർത്തി.

വ്യാപാരത്തിന്റെ തുടക്കത്തിൽ നിഫ്റ്റി 23,489 പോയിന്റ് വരെ ഉയർന്നെങ്കിലും ഈ മുന്നേറ്റം വിൽപ്പനയ്ക്കുള്ള അവസരമാക്കി വിദേശ ഫണ്ടുകൾ. മുൻനിര ഓഹരികൾക്കൊപ്പം രണ്ടാംനിര ഓഹരികളിലും വിൽപ്പന ശക്തമായതോടെ സൂചിക കൂടുതൽ സമ്മർദത്തിലായി. അതേസമയം ആഭ്യന്തര ഫണ്ടുകൾ തുടർച്ചയായി വാങ്ങലിനു രംഗത്തെത്തിയത് വിപണിക്കു താങ്ങായി. ഇതോടെ കൂടുതൽ ആഴത്തിലുള്ള തിരുത്തൽ ഒഴിവാക്കാനായി. ഒരവസരത്തിൽ 23,030 വരെ താഴ്ന്ന നിഫ്റ്റി, 23,140 പോയിന്റിൽ ക്ലോസ് ചെയ്തു. ഈ വാരം 22,943, 22,747 പോയിന്റുകൾ നിഫ്റ്റിയുടെ പ്രധാന സപ്പോർട്ട് മേഖലകളായി പരിഗണിക്കാം. മറുവശത്ത്, തിരിച്ചുവരവിനുള്ള ശ്രമം ശക്തമായാൽ 23,412–23,685 പോയിന്റിലാണ് അടുത്ത പ്രതിരോധം. ഒക്ടോബർ ആദ്യപകുതിയിൽ ഈ പ്രതിരോധ മേഖല മറികടക്കാനുള്ള ശ്രമം വിപണിയിൽ പ്രതീക്ഷിക്കാം.

സെപ്റ്റംബർ നിഫ്റ്റി ഫ്യൂച്ചേഴ്സ് 23,379 ൽനിന്ന് ക്ലോസിങ്ങിൽ 23,141ലേക്ക് തളർന്നു. ഇതിനിടയിൽ ഓപ്പൺ ഇന്ററസ്റ്റ് 174 ലക്ഷം കരാറുകളിൽനിന്ന് 133 ലക്ഷമായി കുറഞ്ഞു.

ഒറ്റ ആഴ്ചയിൽ ഏകദേശം 23 ശതമാനം ഇടിവ്. സെപ്റ്റംബർ സീരീസിന്റെ സെറ്റിൽമെന്റ് ചൊവ്വാഴ്ചയാണ്. വിനിമയ വിപണിയിൽ രൂപയെ ബാധിച്ച ദുർബലാവസ്ഥ തുടരുന്നു. ഇതിൽനിന്നു കരകയറാൻ വിദേശ ഫണ്ട് ബയിങ് അനിവാര്യമാണ്. രൂപ 95.80 ൽനിന്ന് 95.54 ലേക്ക് തുടക്കത്തിൽ മെച്ചപ്പെട്ടെങ്കിലും പിന്നീട് 95.97 ലേക്ക് ദുർബലമായി. വാരാന്ത്യത്തിൽ രൂപ 95.80 ലാണ്. ആഭ്യന്തര ഫണ്ടുകളുടെ ശക്തമായ വാങ്ങൽ വിപണിയിലെ ഇടിവിന്റെ ആഴം കുറച്ചു. കഴിഞ്ഞവാരം അവർ 16,398 കോടി രൂപ ഓഹരികളിൽ നിക്ഷേപിച്ചു. ഇതോടെ സെപ്റ്റംബറിലെ അവരുടെ സഞ്ചിത നിക്ഷേപം 52,205 കോടി രൂപയായി. മറുവശത്ത്, വിദേശ ധനകാര്യ സ്ഥാപനങ്ങൾ 13,107.48 കോടി രൂപയുടെ ഓഹരികൾ വിറ്റഴിച്ചപ്പോൾ, 1617.45 കോടി രൂപയുടെ വാങ്ങലും നടത്തി.

രാജ്യാന്തര ക്രൂഡ് ഓയിൽ വിപണിയിൽ കഴിഞ്ഞവാരം കനത്ത ചാഞ്ചാട്ടമായിരുന്നു. ബ്രെന്റ് ക്രൂഡ് ബാരലിന് 97.36 ഡോളർ വരെ താഴ്ന്നശേഷം തിരിച്ചുവരവിൽ 108.23 ഡോളർ വരെ ഉയർന്നു. വാരാന്ത്യത്തിൽ വില 104.32 ഡോളറിലാണ്. ബാരലിന് 99 ഡോളർ മേഖലയിൽ വാങ്ങൽ താൽപര്യം ശക്തമായി തുടരുന്ന സാഹചര്യത്തിൽ, വില വീണ്ടും മുന്നേറി 115 ഡോളർ പരീക്ഷിക്കാൻ സാധ്യത. ന്യൂയോർക്ക് സ്വർണവിപണിയിലും തിരുത്തൽ പ്രകടമായി. ഔൺസിന് 4377 ഡോളറിൽനിന്ന് 4246 ഡോളർ വരെ താഴ്ന്ന് ഇടപാടുകൾ നടന്ന സ്വർണം ക്ലോസിങ്ങിൽ 4284 ഡോളറിലാണ്.

ഒന്നാംസമ്മാനം 12 കോടി; പൂജാ ബമ്പർ ഭാഗ്യക്കുറി വില്പന ഇന്നുമുതൽ

തിരുവനന്തപുരം: ഒന്നാം സമ്മാനം 12 കോടി രൂപ ലഭിക്കുന്ന പൂജാ ബമ്പർ ഭാഗ്യക്കുറി ടിക്കറ്റ് വില്പന ഇന്ന് മുതൽ ആരംഭിക്കുമെന്ന് ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ അഞ്ജു കെ. എസ് അറിയിച്ചു. പരമാവധി 45 ലക്ഷം ടിക്കറ്റുകളാണ് വില്പന നടത്തുക.

വില്പനയുടെ പുരോഗതിയനുസരിച്ച് വിവിധ ഘട്ടങ്ങളിലാണ് ടിക്കറ്റുകൾ അച്ചടിക്കുക. 300 രൂപയാണ് ടിക്കറ്റ് വില.

രണ്ടാം സമ്മാനം 50 ലക്ഷം10 പേർക്കും മൂന്നാം സമ്മാനം 5 ലക്ഷം 10 പേർക്കും നാലാംസമ്മാനം മൂന്ന് ലക്ഷം അഞ്ച് പേർക്കും അഞ്ചാം സമ്മാനം രണ്ട് ലക്ഷം 10 പേർക്കും, സമാശ്വാസ സമ്മാനം 4 പേർക്ക് ഒരു ലക്ഷം വീതവും കൂടാതെ 5000 (8100 പേർക്ക്) , 1000 (64800 പേർക്ക്), 500 (1,29,600 പേർക്ക്) 300 (1, 40, 400 പേർക്ക്) രൂപയും ഉൾപ്പെടെ 39, 11,20,000 രൂപ സമ്മാനമായി ലഭ്യമാകുന്നതാണ് സമ്മാന ഘടന . നറുക്കെടുപ്പ് നവംബർ 28ന് ഉച്ചയ്ക്ക് രണ്ടിന് തിരുവനന്തപുരം ഗോർഖി ഭവനിൽ നടക്കും.

ഭാഗ്യക്കുറി ജില്ലാ ഓഫീസുകളും സബ്ഓഫീസുകളും മുഖേന അംഗീകൃത ഏജൻസികളും വില്പനക്കാരും വില്പന നടത്തുന്ന അച്ചടിച്ച ടിക്കറ്റുകൾ മാത്രം വാങ്ങണമെന്നും കേരള ഭാഗ്യക്കുറിയുടെ പേരിൽ പ്രവർത്തിക്കുന്ന വ്യാജ വെബ്സൈറ്റുകൾ മുഖേനയും വാട്സ്ആപ് വഴിയും ടിക്കറ്റുകൾ ബുക്ക് ചെയ്യുകയോ പണം അടയ്ക്കുകയോ ചെയ്യരുതെന്നും ഡയറക്ടർ അറിയിച്ചു.



● ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് കാരിത്താസ് ഹോസ്പിറ്റൽ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് സംഘടിപ്പിച്ച 'റൺ ഫോർ യുവർ ഹാർട്ട്' – കാരിത്താസ് മാരത്തോൺ 2026 ഏറ്റുമാനൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ പ്രശോഭ് കെ. കെ. മാരത്തോൺ ഫ്ലാഗ് ഓഫ്ചെയ്തപ്പോൾ. കാരിത്താസ് ഹോസ്പിറ്റൽ ആൻഡ് എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ റവ. ഡോ. ബിനു കുന്നത്ത്, ഫാ. ജോൺ പൂച്ചക്കാട്ടിൽ, ഫാ. സൈജു പുത്തൻപറമ്പിൽ, ഫാ. ജോയ്സ് നന്ദിക്കുന്നേൽ, കാരിത്താസ് ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് എച്ച്.ഒ.ഡി ഡോ. ജോണി ജോസഫ്, എന്നിവർ സമീപം.

● കാരിത്താസ് മാരത്തൺ 2026

ഹൃദയാരോഗ്യ ബോധവൽക്കരണവുമായി റൺ ഫോർ യുവർ ഹാർട്ട്

കോട്ടയം: ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് കാരിത്താസ് ഹോസ്പിറ്റൽ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസും , ഡിക്കത്തലോണും ചേർന്ന് സംഘടിപ്പിച്ച 'റൺ ഫോർ യുവർ ഹാർട്ട്' – കാരിത്താസ് മാരത്തൺ 2026 പുത്തൻ അനുഭവമായി.

ആരോഗ്യകരമായ ഹൃദയത്തിനായി ഒരു ചുവടുവയ്പ്പ് എന്ന സന്ദേശമുയർത്തി സംഘടിപ്പിച്ച മാരത്തോണിൽ പൊതുജനങ്ങളും ജീവനക്കാരും വിദ്യാർഥികളും ഉൾപ്പടെ ആയിരത്തോളം പേർ പങ്കെടുത്തു. ലോക ഹൃദയദിനത്തോടനുബന്ധിച്ച് ഹൃദയാരോഗ്യത്തിന്റെ സന്ദേശവുമായി മത്സരാർത്ഥികൾക്കൊപ്പം 'കുട്ടാപ്പി ദ റോബോ 'യും മരത്തണിൽ പങ്കാളിയായി .കേരളത്തിലെ ആരോഗ്യരംഗത്ത് ഇതാദ്യമായാണ് മാരത്തണിൽ ഒരു റോബോട്ട് പങ്കാളിയാവുന്നത്.

സാങ്കേതികവിദ്യയും ആരോഗ്യബോധവൽക്കരണവും സമന്വയിപ്പിച്ച ഈ പ്രത്യേക സാന്നിധ്യം മാരത്തണിന് കൂടുതൽ ആവേശമേകി .രാവിലെ കാരിത്താസ് മാതാ ആശുപത്രിയിൽനിന്നാരംഭിച്ച 10 കിലോമീറ്റർ മാരത്തോൺ കാരിത്താസ് റൗണ്ട്, പട്ടിത്താനം, ഏറ്റുമാനൂർ എന്നീ പ്രധാന കേന്ദ്രങ്ങളിലൂടെ കടന്ന് തിരികെ കാരിത്താസ് മാതാ ആശുപത്രിയിൽ സമാപിച്ചു. ഏറ്റുമാനൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ പ്രശോഭ് കെ. കെ. മാരത്തൺ ഫ്ലാഗ് ഓഫ് നിർവഹിച്ചു. കാരിത്താസ് ഹോസ്പിറ്റൽ ആൻഡ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടറും സി.ഇ.ഒ യുമായ റവ. ഡോ. ബിനു കുന്നത്ത്, റവ. ഫാ. ജോൺ പൂച്ചക്കാട്ടിൽ, റവ. ഫാ. സൈജു പുത്തൻപറമ്പിൽ, റവ. ഫാ. ജോയ്സ് നന്ദിക്കുന്നേൽ, കാരിത്താസ് ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് എച്ച്.ഒ.ഡി ഡോ. ജോണി ജോസഫ്, എന്നിവർ പരിപാടിയിൽ പങ്കെടുത്തു . പുരുഷ–വനിതാ വിഭാഗങ്ങളിൽ 50 വയസ്സിന് താഴെയുള്ളവർക്കും 50 വയസ്സിന് മുകളിലുള്ളവർക്കുമായി വ്യത്യസ്ത വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിച്ചത്.

ഓരോ വിഭാഗങ്ങളിലെയും ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 5,000, 3,000, 2,000 എന്നിങ്ങനെ ക്യാഷ് പ്രൈസുകൾ വിതരണം ചെയ്തു.

ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കുകയും ആരോഗ്യകരമായ ജീവിതശൈലിയും ശാരീരിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 'റൺ ഫോർ യുവർ ഹാർട്ട് '– കാരിത്താസ് മാരത്തൺ 2026സംഘടിപ്പിച്ചത്. ഹൃദയാരോഗ്യത്തിന്റെ സന്ദേശം ജനങ്ങളിലേക്കെത്തിക്കുന്നതിനൊപ്പം, സാങ്കേതികവിദ്യയുടെ പുതുമയാർന്ന സാന്നിധ്യമായ *കുട്ടാപ്പി ദ റോബോ 3.0*യുടെ പങ്കാളിത്തവും മാരത്തണിന്റെ മാറ്റ് കൂട്ടി.

ടെൻഡർ

കോന്നി ഐ.സി.ഡി.എസ്. പ്രോജക്ടിലേക്ക് 2026–27 വർഷത്തിൽ കോൺട്രാക്ട് വാഹനം പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ളവരിൽ നിന്നും ടെൻഡർ ക്ഷണിക്കുന്നു. അവസാന തീയതി: ഒക്ടോബർ 10. ഫോൺ: 0468–2334710.

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623, Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/10/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ.....
ആലപ്പുഴ, ആലപ്പുഴ, 0102670820000094, ആലപ്പുഴ മെഡിക്കൽ കോളെജ് ജംഗ്ഷൻ, 0105290810040719, ആലപ്പുഴ മുഹമ്മദ് റോഡ്, 0105040810075678, അരൂർ, 0103680820000116, ചാരുമൂട്, 0106770810040500, ചെങ്ങന്നൂർ, 0104790700025263, 5225, 5292, 5339, മണ്ണാറേഞ്ചേരി, 0106150820000133, THATTARAMBALAM, 0116330810021724, 0252, മുണ്ടക്കയം, 0103260820000302, കോട്ടയം, ഭരണങ്ങാനം, 0132300820000247, ചങ്ങനാശ്ശേരി, 0103360820000100, ഇരട്ടുപേട്ട, 0104000810738803, ഏറ്റുമാനൂർ, 0103340810036008, 6024, 6028, 6035, 6040, 0055, 0061, കടുത്തുരുത്തി, 0105810810023120, 3151, കളത്തിപ്പടി, 0127310810017254, 7261, 7273, 7309, 0071, 0073, കല്ലറ കോട്ടയം, 0115390810028106, 0081, കഞ്ഞിക്കുഴി, 0115530810019304, 9330, 0149, കാഞ്ഞിരപ്പള്ളി, 0104420820000334, 0335, 0342, കറുകച്ചാൽ, 0113120810019429, 9438, 9443, 9447, 9452, 0109, 0111, കൊടുങ്ങൂർ, 0120160820000107, കുറുവിലങ്ങാട്, 0114170810020121, 0089, നാലുകോടി, 0132990810014751, 0129, 0130, പൈക, 0126660810015545, 0220, പാല, 0103590810738557, 8571, പാമ്പാടി, 0114880810022745, 2760, 2876, 0099, പത്തനാട്, 0115900810024568, 0083, പൊൻകുന്നം, 0115820820000132, തെങ്ങണ , 0116730810015620, 5681, പത്തനംതിട്ട, ഏനാത്ത്, 0131600810021298, 1305, 1309, 1316, ഏഴംകുളം, 0117840810021830, 1837, 0175, മല്ലപ്പള്ളി, 0103850810056889, പത്തനംതിട്ട സിറ്റി, 0125980810021580, 1592, 1606, പത്തനംതിട്ട, 0102700810799162, 9184, 9190, പുല്ലാട്, 0120500810016587, തിരുവല്ല, 0103480810754638,4659,

മേൽപ്പറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപറയുന്നവ പാലിക്കേണ്ടതാണ്: – താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അന്നേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/– (റിജക്ഷിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേണ്ടതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

കേരള സംസ്ഥാന ഭാഗ്യക്കുറി SAMRUDHI SM-74 DRAW RESULT 27/09/2026

ഒന്നാം സമ്മാനം ₹1 കോടി MS495441 (മൂവാറ്റുപുഴ)

സമാശ്വാസ സമ്മാനം ₹5000: MN495441 MO495441 MP495441 MR495441 MT495441 MU495441 MV495441 MW495441 MX495441 MY495441 MZ495441

രണ്ടാം സമ്മാനം ₹25 ലക്ഷം: MO139598 (പാലക്കാട്)

മൂന്നാം സമ്മാനം ₹5 ലക്ഷം: MU365049 (കണ്ണൂർ)

നാലാം സമ്മാനം ₹5000: 0699 0716 1041 1384 1976 2310 2820 3581 4134 4924 6580 6742 6854 7397 7599 7698 8559 9116 9776

അഞ്ചാം സമ്മാനം ₹2000: 1292 2079 2920 3577 7922 8725

ആറാം സമ്മാനം ₹1000: 1048 1069 1508 1530 1672 1811 2569 2923 3275 3806 3948 4119 5056 6316 6415 6513 6976 8174 8429 8861 9478 9604 9686 9712 9859

ഏഴാം സമ്മാനം ₹500: 0269 0316 0344 0497 0535 0764 0767 0984 1430 1675 1685 1924 2038 2116 2150 2292 2469 2482 2522 2529 2599 2778 2858 3009 3107 3116 3187 3243 3286 3646 3754 4132 4590 4602 4621 5004 5401 5633 5643 5979 5985 6002 6122 6304 6410 6648 6664 6757 6759 6762 6852 7051 7106 7204 7455 7633 7794 7905 7986 7994 8180 8515 8578 8611 8658 8684 8827 9007 9073 9299 9465 9764 9814 9825 9855 9881

എട്ടാം സമ്മാനം ₹200: 0503 0592 0836 0940 1059 1199 1219 1231 1246 1280 1330 1547 1571 2000 2004 2133 2179 2313 2330 2344 2348 2455 2501 2631 2643 2701 2721 3011 3361 3791 3855 3989 4093 4311 4320 4502 4566 4693 4877 4887 4943 5189 5261 5383 5612 5641 5661 5691 5697 5972 6121 6138 6238 6727 6729 6803 6846 6875 6968 7102 7240 7395 7400 7513 7640 7728 7760 7830 7892 8115 8137 8333 8339 8376 8480 8495 8522 8548 8602 8659 8746 8814 8849 8916 9234 9264 9282 9292 9461 9477 9702 9743

ഒൻപതാം സമ്മാനം ₹100: 0021 0024 0025 0164 0229 0304 0350 0498 0513 0671 0859 0920 1037 1111 1154 1260 1441 1491 1520 1617 1633 1750 1754 1797 1842 1888 1889 1922 2021 2063 2089 2093 2131 2225 2261 2317 2387 2533 2588 2691 2694 2743 2775 2859 2861 2972 3015 3063 3111 3118 3137 3190 3387 3436 3479 3618 3643 3881 3890 3928 3941 4046 4073 4082 4196 4283 4380 4416 4447 4609 4641 4643 4710 4959 5061 5080 5370 5384 5392 5403 5469 5547 5802 5842 5911 6016 6112 6160 6296 6331 6382 6406 6514 6577 6589 6694 6892 6945 6947 6981 7015 7044 7078 7144 7152 7208 7265 7305 7383 7669 7816 7827 7832 8072 8148 8183 8295 8296 8299 8355 8422 8482 8505 8519 8542 8560 8591 8637 8825 9059 9070 9146 9161 9220 9240 9278 9308 9323 9342 9375 9441 9579 9641 9731 9734 9842 9911 9917 9930 9987

ടിക്കറ്റ് കൈപ്പറ്റിയ ഏജന്റിനാണ് വിജയിക്കുന്നതിന് കമ്മീഷൻ ലഭിക്കുന്നത്. വിജയികൾ സമ്മാനം നേടിയ ടിക്കറ്റുകൾ ഒരു വർഷത്തിനുള്ളിൽ ഹാജരാക്കണം. സമ്മാനഘടനയ്ക്കും ഫലത്തിനും www.statelottery.kerala.gov.in

● റബർ തിളങ്ങി, കറുത്ത പൊന്നിനു കറുപ്പ് കുറഞ്ഞു

സ്വർണ വിലയിൽ ചാഞ്ചാട്ടം, വെളിച്ചെണ്ണ വില കുറഞ്ഞു



മാർക്കറ്റ് റിവ്യൂ

ജോസഫ് വെണ്ണിക്കുളം

കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പനയിൽ പോയവാരം നേട്ടം കിട്ടിയത് റബറിനു മാത്രം.

സംസ്ഥാനത്ത് വെളിച്ചെണ്ണ വില കുറഞ്ഞു. സ്വർണവിലയിൽ ചാഞ്ചാട്ടം തുടർന്നു. കുരുമുളകിനു വില കുറഞ്ഞപ്പോൾ തേയില വില കൂടുന്നതാണ് വിപണിയിൽ കണ്ടത്.

റബറിന് ആഗോള വിലവർധന

ടയർ കമ്പനികൾക്ക് ആവശ്യത്തിനു ഷീറ്റ് കിട്ടാതായതോടെ വിതരണക്കാർ റബർ വില ഉയർത്തി. വാരാവസാനം കിലോയ്ക്ക് 6 രൂപ ഉയർന്നു. ചെറുകിട ടയർ കമ്പനികൾ കിലോ 6 രൂപ ഉയർത്തി വാങ്ങി. വിൽപ്പനയ്ക്ക് റബർവരവ് കുറഞ്ഞതു മൂലമാണ് ചെറുകിടക്കാരായ സൈക്കിൾ, ഇരുചക്ര–മുച്ചക്ര വാഹന നിർമാതാക്കൾ വില ഉയർത്തിവാങ്ങിയതെന്ന് വിതരണക്കാർ പറഞ്ഞു.

ആർ.എസ്.എസ്. 4 കിലോ 278 ൽ വ്യാപാരം തുടർന്നുകൊണ്ടിരിക്കെ അത്യാവശ്യക്കാർ 280 ലും വാങ്ങി. തെക്കൻ മേഖലകളിലാണ് കുറഞ്ഞ തോതിൽ വിൽപ്പന നടന്നത്. ഹൈറേഞ്ച് മേഖലകളിൽനിന്ന് വരവ് കുറവാണ്. ചെറിയ ചുഴലിക്കാറ്റിൽ കോട്ടയത്ത് നൂറുകണക്കിനു റബർമരങ്ങളാണു കടയിളകി നിലം പൊത്തിയത്. അവിടെ റബർ കർഷകർക്ക് കനത്ത സാമ്പത്തിക നഷ്ടമുണ്ടായി.

വിൽപ്പനയ്ക്ക് റബർവരവ് കുറഞ്ഞിരിക്കെ അവധിയുൾപ്പടെ രാജ്യാന്തര വില ഉയർന്നതിനാൽ വരുംദിവസങ്ങളിൽ ആഭ്യന്തര വില ഉയർന്നേക്കുമെന്ന പ്രതീക്ഷയിലാണു കർഷകർ. രാജ്യാന്തര അവധി വില ചൈന കിലോ 265, ടോക്കിയോ 277, ബാങ്കോക്ക് തയ്യാർ വില 275 രൂപ. ബാങ്കോക്കിൽ ആർ.എസ്.എസ് 4 കിലോ 12 രൂപയാണു വില കുതിച്ചത്. വാരാന്ത്യ വില കൊച്ചി ആർ.എസ്.എസ് 4 കിലോ 280 രൂപ, ആർ.എസ്.എസ് 5 കിലോ 275 രൂപ. ആഗോളതലത്തിൽ വില ഉയർന്നിരിക്കെ വരുംദിവസങ്ങളിൽ വിൽപ്പനയ്ക്ക് റബർവരവ് കുറയുമെന്ന് വ്യാപാരികൾ പറയുന്നു.

കറുത്ത പൊന്നിനു വിലയിടിവ്

കുരുമുളക് കിലോ 2 രൂപ വില കുറഞ്ഞാണ് വ്യാപാരം നിർത്തിയത്. ഉത്സവകാല സീസൺ തുടങ്ങിയെങ്കിലും പ്രതീക്ഷിച്ച ഡിമാൻഡില്ല. മസാല കമ്പനികൾ ഉൾപ്പെടെ ഉത്തരേന്ത്യൻ വ്യാപാരികൾ കുറഞ്ഞ നിരക്കിലുള്ള മുളക് ആവശ്യപ്പെടുന്നതും വില യിടിയാൻ ഇടയാക്കി. ശ്രീലങ്ക ഇന്ത്യയിൽ കുരുമുളക് വിൽക്കാനുള്ള മാരത്തോൺ ഓട്ടത്തിലാണ്. കയറ്റുമതി നിരക്കിൽ ടണ്ണിന് 100 ഡോളർ കുറച്ചാണ് ശ്രീ ലങ്കയിൽ നിന്ന് വിൽപനസമ്മർദ്ദം കൂടിയത്.

ഇന്ത്യയിൽ വലിയ തോതിൽ കുരുമുളക് ഉപയോഗിക്കുന്ന വാരണാസി, യു.പി, മധ്യപ്രദേശ്, കാൺപൂർ, ലക്നൗ, ഡൽഹി, ഇൻഡോർ തുടങ്ങിയ മേഖലകളിലെ മാർക്കറ്റുകളിൽ ഇറക്കുമതിക്കാർ ശ്രീലങ്കയിൽനിന്ന് നേരത്തെ ഇറക്കുമതി ചെയ്ത മുളക് ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുകയാണ്.



ഈ മുളകെല്ലാം എന്തുചെയ്യണമെന്ന ആശങ്ക നിലനിൽക്കെയാണ് ശ്രീലങ്ക വില കുറച്ച് വിൽപ്പന സമ്മർദ്ദം തുടങ്ങിയത്. ഡോളർ കരുത്തനായത് ഇറക്കുമതിക്കു തൽക്കാലം വിട